# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4842 — 01/07/2013ൽ മറുപടി നൽകേണ്ടിയിരുന്നത്

### തിരുവനന്തപുരം ജില്ലയിൽ തസ്തികമാറ്റം വഴിയുള്ള എൽ.ഡി.ക്ലാർക്ക് നിയമനം

| ചോദ്യം : | ഉത്തരം : |
| --- | --- |
| ശ്രീ. ബി.സത്യൻ | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) തിരുവനന്തപുരം ജില്ലയിൽ തസ്തിക മാറ്റം വഴിയുള്ള എൽ.ഡി. ക്ലാർക്ക് നിയമനം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ)യും (ബി)യും<br><br>തിരുവനന്തപുരം ജില്ലയിൽ വിവിധ വകുപ്പുകളിൽ, എൽ.ഡി.ക്ലാർക്ക് തസ്തികയിലേക്ക് തസ്തികമാറ്റം മുഖേനയുള്ള തെരഞ്ഞെടുപ്പിനായി 31.07.2012ൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമന ശിപാർശ നൽകി വരികയാണ്. പ്രസ്തുത ലിസ്റ്റിൽനിന്നും ഇതുവരെ 151 ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. പ്രസ്തുത ലിസ്റ്റിൽ ആകെ 1337ഉദ്യോഗാർത്ഥികളാണ് ഉൾപ്പെട്ടിട്ടുള്ളത്. |
| (ബി) ഇപ്പോൾ നിലനിൽക്കുന്ന പ്രസ്തുത ലിസ്റ്റിൽനിന്നും എത്ര പേർക്ക് നിയമനം ലഭിച്ചിട്ടുണ്ടെന്നും ഇനി എത്ര പേർക്ക് നിയമനം ലഭിക്കാനുണ്ടെന്നും വ്യക്തമാക്കാമോ ? | |

സെക്ഷൻ ഓഫീസർ